# ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോട്ടയം

## 2011 ഡിസംബർ 20ന് കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ നടന്ന ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ റിപ്പോർട്ട്

## ജനസമ്പർക്കം : പുതുതായി 9,762 അപേക്ഷകൾ കൂടി

ഡിസംബർ 20 കോട്ടയത്ത് നടന്ന ജനസമ്പർക്കപരിപാടിയിൽ 9,762 പരാതികൾ പുതുതായി ലഭ്യമായി. ഇതിൽ 429 പരാതികളിലായി 25,64,150 രൂപ ചികിത്സാധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ കോട്ടയം താലൂക്കിൽ 174 പരാതികളിലായി 7,59,800 രൂപയും ചങ്ങനാശ്ശേരിയിൽ 68 പരാതികളിലായി 4,32,200 രൂപയും മീനച്ചിലിൽ 60 പരാതികളിലായി 5,10,650 രൂപയും കാഞ്ഞിരപ്പള്ളിയിൽ 57 പരാതികളിലായി 4,45,200 രൂപയും വൈക്കത്ത് 70 പരാതികളിലായി 4,16,300 രൂപയുമാണ് അനുവദിച്ചത്. ബാക്കിയുള്ള അപേക്ഷകൾ വിവിധ വകുപ്പുകളിലേക്ക് തുടർനടപടികൾക്കായി അയിച്ചിട്ടുണ്ട്.

ജനസമ്പർക്കപരിപാടിക്ക് വിവിധ കൗണ്ടുറുകളായി മുൻകൂട്ടി സ്വീകരിച്ച പരാതികൾ 60,429 ആണ്. ഇതിൽ 20,654 എണ്ണം എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കണമെന്നും 22,625 എണ്ണം ബി.പി.എൽ. സർവേയിൽ ഉൾപ്പെട്ട് പേർ ഉള്ളതും എന്നാൽ എ.പി.എൽ. കാർഡ് ഉള്ളവരുമാണ്. ഇതു സംബന്ധിച്ച് തീരുമാനം പിന്നീട് അപേക്ഷകരെ അറിയിക്കുമെന്നതിനാൽ ജനസമ്പർക്കപരിപാടിയിൽ പരിഗണിച്ചില്ല.

ജനസമ്പർക്ക പരിപാടിയോടനുബന്ധിച്ച് കളക്ട്രേറ്റിലും വിവിധ താലൂക്കുകളിലും ലഭിച്ച അപേക്ഷകളിന്മേൽ 88.96 ലക്ഷം രൂപ ചികിത്സാ ധനസഹായമായി വിതരണം ചെയ്തു. ഇതിൽ ബംഗാളിലെ ആശുപത്രി ദുരന്തത്തിൽ മരിച്ച രമ്യ, വിനീത എന്നിവരുടെ ആശ്രിതർക്കു നൽകിയ 10 ലക്ഷം രൂപയും ഉൾപ്പെടും.

കോട്ടയം താലൂക്കിൽ 1,393 അപേക്ഷകളിൽ 43,77,000 രൂപയും ചങ്ങനാശ്ശേരിയിൽ 300 അപേക്ഷകളിന്മേൽ 9,95,000 രൂപയും മീനച്ചിൽ താലൂക്കിൽ 216 അപേക്ഷകളിന്മേൽ 7,08,000 രൂപയും കാഞ്ഞിരപ്പള്ളിയിൽ 149 അപേക്ഷകളിന്മേൽ 4,81,000 രൂപയും വൈക്കത്ത് 359 അപേക്ഷയിന്മേൽ 13,35,000 രൂപയുമാണ് നൽകിയത്. 10 ലക്ഷം രൂപ മരണാനന്തര ധനസഹായമായി നൽകിയതാണ്. ഇന്ന് വേദിയിൽ ലഭ്യമായതും തീർപ്പാക്കാനുള്ളതുമായ അപേക്ഷകളിന്മേൽ പിന്നീട് നടപടി എടുക്കുന്നതും വിവരം അപേക്ഷകരെ അറിയിക്കുന്നതുമാണ്.

കോട്ടയം ജില്ലയിലെ ജനസമ്പർക്ക പരിപാടിയിലേക്ക് ഇതിൽ ഡിസംബർ 3 വരെ തീയതി വരെ സമർപ്പിക്കപ്പെട്ടത് 60,429 അപേക്ഷകളാണ്. ഒക്ടോബർ ഒന്നു മുതൽ ഡിസംബർ മൂന്നാം തീയതി വരെ ആകെ 64 ദിവസമാണ് പരാതികൾ സ്വീകരിച്ചത്. ഇതിനായി വിപുലസംവിധാനമാണ് ഒരുക്കിയിരുന്നത്.

ജില്ലയിലെ വിവിധ താലൂക്കുകളിലും കലക്ടറേറ്റിലും ഇതിനായി പ്രത്യേകം കൗണ്ടറുകൾ പ്രവർത്തിച്ചു. അപേക്ഷകൾ തരംതിരിച്ച് വിവിധ വകുപ്പുകളിലേക്ക് അയയ്ക്കുകയും അവയിന്മേൽ ഏഴു ദിവസത്തിനകം നടപടി സ്വീകരിച്ച് തിരികെ വാങ്ങുകയുമാണ് ചെയ്തത്. അത്തരത്തിൽ രണ്ടായിരത്തോളം പേരുടെ അപേക്ഷകളിൽ ഇതിനകം നടപടി സ്വീകരിച്ചു.

## ലഭിച്ച അപേക്ഷകളുടെ വിവരം

| | |
|---|---|
| ഡിസംബർ മൂന്നു വരെ കൗണ്ടറുകളിൽ ലഭിച്ചത് | 60,429 |
| പരിപാടിയിൽ പുതുതായി ലഭിച്ചത് | 9,672 |
| **ആകെ** | **69,921** |
| എ.പി.എൽ.- ബി.പി.എൽ. പരാതികൾ | 43,279 |
| **ബാക്കി** | **26,642** |

## താലൂക്ക് തിരിച്ചുള്ള കണക്ക്

| ക്രമ നം. | താലൂക്ക് | തുക അനുവദിച്ച അപേക്ഷകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | കോട്ടയം | 1567 | 51,36,800 |
| 2 | ചങ്ങനാശ്ശേരി | 368 | 14,27,200 |
| 3 | മീനച്ചിൽ | 276 | 12,18,650 |
| 4 | കാഞ്ഞിരപ്പള്ളി | 206 | 9,26,200 |
| 5 | വൈക്കം | 429 | 17,51,300 |
| **ആകെ** | | **2846** | **1,04,60,150** |

കോട്ടയത്തിന്റെ സ്വന്തം മുഖ്യമന്ത്രിയുടെ തീരുമാനം തേടി ജില്ലയിലെ ജനസമ്പർക്ക പരിപാടിക്ക് എത്തിയിട്ടുള്ളത് എഴുപതിനായിരത്തോളം അപേക്ഷകൾ. ഇതിൽ ---- തീയതി വരെ സമർപ്പിക്കപ്പെട്ടത് 60,429 അപേക്ഷകളാണ്. ഇന്ന് പ്രഭാതം മുതൽ കോട്ടയത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് നാഗമ്പടത്തേക്ക് ചാലിട്ടൊഴുകിയെത്തിയവരിൽ നിന്ന് ലഭിച്ചവയാണ് പതിനായിരത്തോളം വരുന്ന പരാതികൾ.

ഒക്ടോബർ ഒന്നു മുതൽ ഡിസംബർ മൂന്നാം തീയതി വരെ ആകെ 64 ദിവസമാണ് പരാതികൾ സ്വീകരിച്ചത്. ഇതിനായി വിപുലസംവിധാനമാണ് ഒരുക്കിയിരുന്നത്.

ജില്ലയിലെ വിവിധ താലൂക്കുകളിലും കലക്ടറേറ്റിലും ഇതിനായി പ്രത്യേകം കൗണ്ടറുകൾ പ്രവർത്തിച്ചു. അപേക്ഷകൾ തരംതിരിച്ച് വിവിധ വകുപ്പുകളിലേക്ക് അയയ്ക്കുകയും അവയിന്മേൽ ഏഴു ദിവസത്തിനകം നടപടി സ്വീകരിച്ച് തിരികെ വാങ്ങുകയുമാണ് ചെയ്തത്. അത്തരത്തിൽ രണ്ടായിരത്തോളം പേരുടെ അപേക്ഷകളിൽ ഇതിനകം നടപടി സ്വീകരിച്ചു.

ബാക്കിയുള്ളവയിൽ 20,654 എണ്ണം ബി.പി.എൽ. കുടുംബമാക്കണമെന്നും 22,625 എണ്ണം അത്തരം റേഷൻ കാർഡ് വേണമെന്നും ആവശ്യപ്പെടുന്നതാണ്. ഇക്കാര്യത്തിൽ പിന്നീട് മാത്രമേ തീരുമാനമുണ്ടാകൂ. സംസ്ഥാനതലത്തിൽ മാനദണ്ഡങ്ങളിൽ ചില മാറ്റങ്ങൾ അനിവാര്യമായി വരുന്നതിനാലാണിത്. അതിനുശേഷം ബന്ധപ്പെട്ടവരെ രേഖാമൂലം നടപടിവിവരം അറിയിക്കുന്നതാണ്.

(................3)



മറ്റു പരാതികൾ വകുപ്പ് തിരിച്ച് ഇപ്രകാരമാണ്. കൃഷി വകുപ്പ്- 99, മൃഗസംരക്ഷണം- 14, പിന്നോക്കവികസനം- 40, ബാങ്ക്- 1,014, ബി.എസ്.എൻ.എൽ.- 6, സിവിൽ സപ്ലൈസ്- 22,630, സഹകരണം 1,002, കൊമേഴ്സ്യൽ ടാക്സ് -10, ക്ഷീരവികസനം- 17, ദേവസ്വം ബോർഡ്- 2, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്- 1, വിദ്യാഭ്യാസം- 185, എംപ്ലോയ്മെന്റ്- 998, എക്സൈസ്- 20, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്- 1, ഫയർ ആന്റ് റെസ്ക്യൂ- 2, ഫിഷറീസ്- 28, ഫോറസ്റ്റ്- 10, ഗ്രൗണ്ട് വാട്ടർ- 6, ഹെൽത്ത്- 123, ഹൗസിംഗ്- 82, ഇൻഡസ്ട്രീസ്- 13, ഇറിഗേഷൻ- 71, ജെയിൽ- 2, കേരള ആർട്ടിസാൻസ് വെൽഫെയർ ഓഫീസ്- 1, ഖാദി- 10, കെ.എസ്.സി.സി.- 1, കെ.എസ്.ഇ.ബി.-362, കെ.എസ്.എഫ്.ഇ.- 29, കെ.എസ്.ടി.പി.- 2, ലേബർ-52, ലീഗൽ മെട്രോളജി-1.

ലോട്ടറി- 11, എൽ.എസ്.ജി.ഡി.- 14, മൈനിംഗ് ആന്റ് ജിയോളജി- 3, മുനിസിപ്പാലിറ്റി- 748, നാഷണൽ സേവിംഗ്സ്- 3, ന്യൂ ഇൻഡ്യാ ഇൻഷ്വറൻസ്-1, എൻ.എച്ച്- 5, നിർമ്മിതി കേന്ദ്രം- 1, ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ്- 1, പഞ്ചായത്ത്- 4,949, പ്ലാനിംഗ്- 6, പോലീസ്- 214, പൊല്യൂഷൻ കൺട്രോൾ ബോർഡ്- 19, പി.എസ്.സി.- 51, പബ്ലിക് റിലേഷൻസ്- 29, പബ്ലിക് വർക്സ്- 223, രജിസ്ട്രേഷൻ- 46, റവന്യൂ- 5,785, റൂറൽ ഡെവലപ്മെന്റ്- 20,660, എസ്.സി. ഡെവലപ്മെന്റ്- 82, സോഷ്യൽ വെൽഫെയർ- 144, സോയിൽ കൺസർവേഷൻ- 9, സതേൺ റെയിൽവേ-10, സ്പോർട്സ്- 3, എസ്.ടി. ഡെവലപ്മെന്റ്- 18, സർവേ- 49, ടൂറിസം- 7, ടൗൺ പ്ലാനിംഗ്- 33, ട്രാൻസ്പോർട്ട്- 193, ട്രഷറി- 22, യൂണിവേഴ്സിറ്റി- 16, വിജിലൻസ്- 2, വാട്ടർ അതോറിറ്റി- 202, വാട്ടർ ട്രാൻസ്പോർട്ട്- 4, വെൽഫെയർ ഫണ്ട് ബോർഡ്- 7.